II ഇ.ബി. XII- കേരള നിയമസഭ/XV-3

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 01, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9 (*61) **പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കർമ്മ പദ്ധതി**

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, 2009-10 സാമ്പത്തികവർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം 249.75 കോടി രൂപയാണെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നവീകരണത്തിന്റെയും ഉത്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെയും ഭാഗമായി പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ഉറപ്പുവരുത്തുന്നതിലേയ്ക്കായി അവരുടെതന്നെ പ്രവർത്തന മേഖലയിൽ കഴിവ് തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ

മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവുമാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കുകയും സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ കഴിയുന്നത്ര വിദഗ്ധന്മാരെ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുകയും ഓരോ മാസവും നടത്തുന്ന അവലോകനത്തിൽ കഴിഞ്ഞ മാസം കൈവരിച്ച ഉത്പാദനക്ഷമതയും മറ്റും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ഓരോ വർഷത്തെയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുകയും അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു. ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിന് പരിശീലന പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്പാദനക്ഷമതയും ഉത്പന്നങ്ങളുടെ ഗുണമേൻമയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു. കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി "റിയാബ്" മുഖേന ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും ഈ പാനലിൽ നിന്നുമാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ

നിയമിക്കാവൂയെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലുമായി സഹകരിച്ച് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കുടിശ്ശിക ഒന്നായി തീർക്കാൻ നടപടി സ്വീകരിച്ചു.. നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടത്തിയതിന്റെ ഫലമായി 2006-07-ൽ 24 കമ്പനികളും 2007-08-ൽ 27 കമ്പനികളും 2008-09-ൽ 28 കമ്പനികളും 2009-10-ൽ 32 കമ്പനികളും ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും 2009-10 സാമ്പത്തിക വർഷത്തിൽ 32 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവെന്നും മന്ത്രി അറിയിച്ചു. ഈ വർഷം 125 കോടി രൂപ മുതൽമുടക്കി 8 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കുന്ന തിനും ഒറ്റവർഷംകൊണ്ട് കമ്മീഷൻ ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. കമ്പനികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉത്പന്നങ്ങളുടെ ഗുണ മേൻമ വർദ്ധിപ്പിക്കുന്നതിനുമായി പ്രവർത്തന മൂലധന സഹായം നൽകുക, യഥാസമയം മെഷീനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, absenteeism കുറയ്ക്കുക, MIS സംവിധാനം ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ഉത്പാദന വർദ്ധനവിന് ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കുകയും ചരക്കുവാങ്ങൽ ചട്ടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ അത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിൽ 22.11 കോടി രൂപയുടെ മുതൽമുടക്കിൽ കെ.എസ്.റ്റി.സി വിപുലമായ നവീകരണ പദ്ധതികൾ നടപ്പി ലാക്കിയതിൽ 10.30 കോടി രൂപ സർക്കാർ ധനസഹായവും 11.82 കോടി രൂപ

ബാങ്ക് ലോണുമാണ്. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ GMP & Modernization പദ്ധതി നടപ്പിലാക്കുന്നതിന്റെ ഒന്നാം ഘട്ടത്തിനുവേണ്ടി സർക്കാർ 7 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിൽ നിലത്തുപാകാൻ സാധിക്കുന്ന മുളയുടെ ഒരു ഉത്പന്നം (Flooring Tiles) കേന്ദ്ര സഹായത്തോടുകൂടി സ്ഥാപിക്കുന്നതിന് 12 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചുവരുന്നു. The Metal Industries Ltd. കമ്പനിയുടെ പുനരുദ്ധാരണത്തിനും മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടി 119 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. Steel&Industries Forgings Ltd 10.38 കോടി രൂപ മുതൽമുടക്കിൽ നടപ്പിലാക്കി വരുന്ന നവീകരണ വിപുലീകരണ പദ്ധതിക്ക് 1.32 കോടി രൂപ സർക്കാരിൽ നിന്ന് ഓഹരിയും VSSC യുടെ സഹായവും ലഭിക്കും. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി 100 കോടി രൂപ ചെലവിൽ valuable Mineral Separation, Synthetic Rutile Capacity Augmentation എന്നീ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. Keltron Electro Ceramics Ltd- Transducer നിർമ്മാണത്തിനുവേണ്ടി 57 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുകയും ഇതിന്റെ തുടർച്ചയായി 47 ലക്ഷം രൂപയുടെ നവീകരണ പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഉന്നത സാങ്കേതിക നിലവാരമുള്ള യന്ത്രങ്ങൾ സ്ഥാപിച്ച് കെ.എസ്.റ്റി.സി.യുടെ അധീനതയിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ നവീകരിച്ച മില്ലിൽ 2009 നവംബറിൽ ഉത്പാദനം പുനരാരംഭിക്കുകയും. മൂന്നാംഘട്ട നവീകരണ

പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് കേരളാ സോപ്സ് എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് കെ.എസ്.ഐ.ഇ-യുടെ അധീനതയിൽ ആരംഭിച്ച് ഉത്പാദന പ്രവർത്തനങ്ങൾ നടത്തുന്നു. വർഷങ്ങളായി പൂട്ടിക്കിടന്നിരുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill KST -യുടെ ചുമതലയിൽ 629 ലക്ഷം രൂപ മുതൽമുടക്കിൽ ആരംഭിക്കുകയും സെപ്റ്റംബർ 2009 മുതൽ ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആദ്യത്തെ വർഷം തന്നെ ലാഭമുണ്ടാക്കുകയും ചെയ്തു. ഉദുമ ടെക്സ്റ്റൈൽ മിൽ, തലശ്ശേരി കേബിൾ മാനുഫാക്ചറിംഗ് കമ്പനി, കോഴിക്കോട് സിഡ്കോ ടൂൾ റൂം, ഷൊർണ്ണൂർ എസ്.ഐ.എഫ്.ഐ. യൂണിറ്റ്, കുഴൽമന്ദം മീറ്റർ യൂണിറ്റ്, കോമളപുരം സ്പിന്നിംഗ് മിൽ ഉൾപ്പെടെ 7 സ്ഥാപനങ്ങളുടെ പ്രവൃത്തികൾ 2010 ഡിസംബറിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആട്ടോകാസ്റ്റ്-റെയിൽവേ സംയുക്ത സംരംഭത്തിനായി വാല്യുവേഷനും ഷെയർ പാറ്റേണും തീരുമാനിച്ച് കേന്ദ്ര ക്യാബിനറ്റിന്റെ അപ്രൂവലിനായി അയയ്ക്കുകയും കേന്ദ്ര റെയിൽവേ മന്ത്രിയുമായി ബന്ധപ്പെട്ട് അംഗീകാരം കിട്ടാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. കെൽ-ന്റെ പുനരുദ്ധാരണത്തിനായി നവരത്ന കമ്പനിയും BHEL –ഉം ആയുള്ള ജോയിന്റ് വെഞ്ചർ തത്വത്തിൽ അംഗീകരിച്ച് എഗ്രിമെന്റ് ഡ്രാഫ്റ്റ് ചെയ്ത് ക്യാബിനറ്റിന്റെ തീരുമാനത്തിനായി അയയ്ക്കുകയും മലപ്പുറത്തെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ഇൻകെലും കെ.എസ്.ഐ.ഡി.സി-യുമായുള്ള ജോയിന്റ് വെഞ്ചർ

ഒപ്പുവയ്ക്കുകയും പ്രോജക്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബി.ഐ.എഫ്.ആർ. മുന്നോട്ടുവച്ച നിർദ്ദേശമനുസരിച്ച് കുണ്ടറ അലിൻഡ് ഫാക്ടറിയെ പുനരുദ്ധരിക്കുന്നതിന് ഒരു പ്രൊമോട്ടറെ നിയമിച്ചെങ്കിലും അത് സാദ്ധ്യമാകാത്ത സാഹചര്യത്തിൽ ആ ഫാക്ടറി ടേക്ക് ഓവർ ചെയ്യാൻ തീരുമാനിക്കുകയും നിയമനിർമ്മാണം നടത്തുന്നതിന് രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരിക്കുകയുമാണ്. കെൽട്രോണിന്റെ ആനുവൽ ടേൺ ഓവർ പടിപടിയായി ഉയർന്നുകൊണ്ടിരിക്കുകയാണെന്നും ഒറ്റത്തവണ തീർപ്പാക്കലിലൂടെ ഈ കമ്പനിയുടെ ബാങ്ക് കടബാദ്ധ്യതകൾ തീർത്തിട്ടു ണ്ടെന്നും ഈ വർഷം 12 കോടി രൂപ കൂടി കൊടുത്ത് പൂർണ്ണമായും കടവിമു ക്തമാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ടി.സി.സി-യിലും എഫ്.ഐ.ടി-യിലും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള നാല് സ്ഥാപനങ്ങൾ സംയുക്ത സംരംഭമുണ്ടാക്കുകയോ നേരിട്ട് നിക്ഷേപം നടത്തുകയോ ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം അനുവദിച്ചു കിട്ടിയ ഭാരത് എർത്ത്മൂവേഴ്സ് ലിമിറ്റഡിന്റെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിന്റെ കാസർഗോഡ് യൂണിറ്റ് ആഗസ്റ്റ് മാസം 13-ാം തീയതി ഉദ്ഘാ ടനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കുറ്റ്യാടിയിൽ നാളികേരാധിഷ്ഠിത വ്യവ സായ പാർക്ക് സ്ഥാപിക്കുന്നതിന് കമ്പനി രൂപീകരിക്കുകയും 130 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകു കയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ റാ മെറ്റീരിയലായ കക്കയുടെ ലഭ്യതക്കുറവാണ് അതിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തെന്നും പുതിയ റാ മെറ്റീരിയലായി ലൈം സ്റ്റോൺ ഉപയോഗിക്കുന്നതിന്

ഗ്ലോബൽ ടെണ്ടർ വിളിച്ചിരിക്കുകയാണെന്നും കമ്പനി അടച്ചുപൂട്ടുകയി ല്ലെന്നും മന്ത്രി അറിയിച്ചു. കിൻഫ്രയ്ക്ക് കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ പ്രസ്സിന്റെ കീഴിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിനുള്ള പരിശ്രമം തുടർന്നും നടത്തുന്നതാണ്. കോന്നിയിൽ കിൻഫ്ര പാർക്ക് സ്ഥാപിക്കുന്ന തിന് റവന്യൂ വകുപ്പിന്റെ കീഴിലുള്ള 40 ഏക്കർ സ്ഥലം വിട്ടുകിട്ടുന്നതിന് മൃഗ സംരക്ഷണം, റവന്യൂ, കൃഷി എന്നീ വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ഒറ്റപ്പാലം സിൽക്ക് ഫൗണ്ടറി 3.5 കോടി രൂപയുടെ മൂലധന ചെലവിൽ നവീകരിക്കാനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടു ണ്ട്. തുറവൂർ സിൽക്ക് യൂണിറ്റ് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. എൻ.ടി.പി.സി. ടെൽക്കിനുള്ള പുതിയ ടെക്നോളജി നൽകുന്ന തിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. പുനലൂർ പേപ്പർ മിൽ തുറന്നുപ്രവർത്തിപ്പിക്കാ നുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. മങ്കട മണ്ഡലത്തിൽ വ്യവസായ സ്ഥാപനം ആരംഭിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനും പെരുമ്പാവൂർ റയോൺസ് പുനരുദ്ധരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് തൊഴിലാളികളെ പിരിച്ചുവിടുകയോ ഡിസ്ഇൻവെസ്റ്റ്മെന്റ് നടത്തുകയോ ചെയ്തിട്ടില്ലെന്നും നിലവിലുള്ള പ്രവൃത്തികൾ പുനരാവിഷ്ക്കരിച്ച് തൊഴിലാ ളികളുടെ സഹായത്തോടുകൂടി ഉല്പാദനക്ഷമത കൈവരിക്കുകയാണുണ്ടായ തെന്നും ആറായിരത്തോളം പുതിയ തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്നും എല്ലാ വേക്കൻസികളും ഫിൽ അപ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടു ണ്ടെന്നും മന്ത്രി അറിയിച്ചു. പൊതുമേഖലാ കമ്പനികളുടെ ലാഭം പൊതുന ന്മയ്ക്കായി പദ്ധതികൾ നടത്തുന്നതിന് ഉപയോഗിക്കുന്നുണ്ടെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*62) <u>തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തടവുകാരുടെ മക്കൾക്കായി ആവിഷ്ക്കരിച്ച വിദ്യാഭ്യാസ ധനസഹായ പദ്ധതിപ്രകാരം ഹൈസ്ക്കൂൾതലം വരെ പഠിക്കുന്നവർക്ക് പ്രതിമാസം 500/- രൂപ വീതവും +1 മുതൽ ബിരുദം/ഡിപ്ലോമ വരെ പഠിക്കുന്നവർക്ക് പ്രതിമാസം 1000 രൂപ വീതവും ധനസഹായം നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിലെ രണ്ട് വർഷത്തിനുമേൽ ശിക്ഷിക്കപ്പെട്ട തടവുകാരുടെ കുട്ടികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്നും സാമ്പത്തികമായി ദുരിതം അനുഭവിക്കുന്ന ബി.പി.എൽ. ലിസ്റ്റിൽപ്പെടാത്ത അർഹരായ തടവുകാരുടെ മക്കൾക്കുംകൂടി ധനസഹായം നൽകുന്നതിന് ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും 2008-09-ൽ 104 പേർക്കും 2009-10-ൽ 300 പേർക്കും ധനസഹായം നൽകിയിട്ടുണ്ടെന്നും അപേക്ഷ സ്വീകരിക്കുന്നതും ധനസഹായം വിതരണം നടത്തുന്നതും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് വഴിയാണെന്നും ഈ വർഷത്തെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടില്ലെന്നും ഈ വർഷം ലഭിക്കുന്ന അപേക്ഷകളിൽ അർഹരായ എല്ലാവർക്കും ധനസഹായം നൽകുന്നതാണെന്നും സ്ത്രീ ശാക്തീകരണ പരിപാടിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന ഈ പദ്ധതിക്കായി 2 കോടി 50 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ടെന്നും ജയിൽ മോചിതരായ തടവുകാരുടെ പുനരധിവാസത്തിനായി നൽകുന്ന 10,000/- രൂപ 25,000/- രൂപയായി

ഉയർത്തുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ടെന്നും മന്ത്രി സഭയെ അറിയിച്ചു.

11 (*63) <u>**വിഴിഞ്ഞം തുറമുഖ പദ്ധതി**</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിൽ പങ്കാളികളെ കണ്ടെത്തു ന്നതിനുള്ള ആഗോള താല്പര്യപത്രം (Global Expression of Interest) 2010 ജൂലൈ മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആറാഴ്ച സമയം നൽകി ജൂലൈ 2010-ൽ ക്ഷണിക്കുന്ന ആഗോള താല്പര്യപത്രം ലഭിച്ച് അവ വിലയിരുത്തിയ ശേഷം ആഗോള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണെന്നും ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് കമ്പനി (വിസിൽ)യുമായി സ്പെയിനിലെ ബാഴ്സലോണ പോർട്ട് അധികാരികൾ ചർച്ച നടത്തി അവരുടെ താല്പര്യം അറിയിച്ചിട്ടുണ്ടെന്നും വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി 2010 ഡിസംബർ-2011 ജനുവരി മാസത്തോടെ പുതിയ ടെണ്ടർ ഉറപ്പിക്കാനും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനും കഴിയുമെന്നാണ് കരുതുന്നതെന്നും മന്ത്രി വ്യക്തമാക്കി. വിഴിഞ്ഞം തുറമുഖത്തിന് ആദ്യഘട്ടമായി ആയിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ വിസിലിന്റെ നേതൃത്വ ത്തിൽ ചെയ്തുകൊടുക്കുന്നതാണെന്നും ഇതിലേയ്ക്ക് 450 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും 5,000 കോടി രൂപയുടെ പി.പി.പി. മോഡൽ ബി.ഒ.ടി. പദ്ധതിയാണ് നടപ്പാക്കുന്നതെന്നും ഇതിൽ കേന്ദ്ര സർക്കാരിന് പ്രധാനപ്പെട്ട

പങ്കുണ്ടെന്നും കേന്ദ്രാനുമതി നൽകുന്നതോടൊപ്പം വി.ജി.എഫ്. നൽകുന്ന ഒരു പദ്ധതിയാണിതെന്നും ഈ പദ്ധതിയിലൂടെ 5000 പേർക്ക് പ്രത്യക്ഷമായും ഒരു ലക്ഷത്തിലധികം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*64) <u>മുല്ലപ്പെരിയാർ അണക്കെട്ട്</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) നൽകിയ മറുപ ടിയിൽ, മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള 22 അണക്കെട്ടുകളിലെ ജലനിരപ്പ് നിശ്ചയിക്കുന്നതിനും ആവശ്യമെങ്കിൽ കാലഹരണപ്പെട്ട അണക്കെട്ടുകളുടെ പ്രവർത്തനം നിറുത്തിവയ്ക്കുന്നതിനും ഡാം സുരക്ഷാ അതോറിറ്റിക്ക് വിപുലമായ അധികാരങ്ങൾ നൽകുന്ന 2006-ലെ 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ആക്ട് ഭരണഘടനാ വിരുദ്ധമാ ണെന്ന് ആരോപിച്ച് തമിഴ്നാട് സർക്കാർ ഫയൽ ചെയ്ത കേസ് സുപ്രീം കോടതിയിലെ സീനിയർ വക്കീലൻമാർ അടങ്ങുന്ന ഒരു ടീമിനെ ഉൾപ്പെ ടുത്തി കേരളത്തിന്റെ ഭാഗം സമർത്ഥമായി വാദിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർന്നാലുണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പഠിച്ച ഡോ. ധ്രുവജ്യോതി ഘോഷിന്റെ പഠന റിപ്പോർട്ടും മുല്ലപ്പെരിയാർ ഡാമിന്റെ പ്രോബബിൾ മാക്സിമം ഫ്ളഡ് എസ്റ്റി മേഷനും ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസിനെ സംബന്ധിച്ച് ഡൽഹി ഐ.ഐ.ടി.യിലെ ഡോ.എ.കെ.ഗോസയിൻ സമർപ്പിച്ച റിപ്പോർട്ടും മുല്ലപ്പെരി യാർ ഡാമിന്റെ 'സ്ട്രക്ചറൽ സ്റ്റബിലിറ്റി വിത്ത് റിഗാർഡ് റ്റു സീസ്മിക് ഇംപാക്ട്' പഠിക്കുന്നതിനായി റൂർക്കി ഐ.ഐ.ടി.യിലെ ഡോ.അരുൺ

ബാപട്ട് ചെയർമാനും ഡോ. ഡി.കെ.പോൾ അംഗമായും രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ ഭാഗം 1-ഉം സുപ്രീം കോടതിയിൽ കേരളം നൽകിയ അഫിഡവിറ്റുകളോടൊപ്പം സമർപ്പിച്ചിട്ടുണ്ടെന്നും 06.06.2009-ൽ കേരള സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ഡാം സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പെരിയാർ ടൈഗർ റിസർവിനു പുറത്തുള്ള 7 കിലോമീറ്റർ റിവർ സർവ്വേ 23-01-2010-ലും പെരിയാർ കടുവാ സങ്കേതത്തിൽ ഉൾപ്പെട്ട 3 കിലോമീറ്റർ റിവർ സർവ്വേ ഇതിനകവും പൂർത്തിയാക്കുകയും ബോർ ഹോൾ എടുത്ത് സോയിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 5 ബോർ ഹോളുകൾ എൽ.ബി.എസ്. പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം 10 ബോർ ഹോളുകൾകൂടി എടുക്കുന്നതിനുള്ള ടെൻഡറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു. ജിയോളജിക്കൽ പഠനം നടത്തുന്നതിനായി സെസ്സിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പുതിയ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ രൂപകൽപ്പന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി 9 അംഗ വിദഗ്ദ്ധ സമിതിയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി 8 അംഗ പ്രത്യേക ടാസ്ക് ഫോഴ്സും ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി 6 അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മിറ്റിയും രൂപീകരിക്കുകയും കുറ്റമറ്റരീതിയിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയും ചെയ്യുന്നുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് രാഷ്ട്രീയ സമവായ സാദ്ധ്യത നഷ്ടപ്പെട്ട

സാഹചര്യത്തിലാണ് നിയമപരമായ നടപടികൾ സ്വീകരിക്കാനുള്ള നിലപാടെടുത്തതെന്നും മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതിനായി സുപ്രീം കോടതി രൂപീകരിച്ചിട്ടുള്ള അഞ്ചംഗ സമിതിക്ക് കൂടുതൽ തെളിവുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കേരളത്തിന്റെ പ്രതിനിധിയായ ജസ്റ്റിസ് കെ.ടി. തോമസ് അംഗമായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുല്ലപ്പെരിയാറിന്റെ സമീപപ്രദേശത്തുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുല്ലപ്പെരിയാർ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലേയും തമിഴ്നാട്ടിലേയും കർഷകർ മുൻകയ്യെടുത്ത് സമവായ ചർച്ചകൾ നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 586 മുതൽ 845 വരെയുള്ള ചോദ്യങ്ങളിൽ 111 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)